## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4117

16.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## സോഷ്യൽ മീഡിയയിലൂടെ പ്രതികരണം ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ

**ചോദ്യം**

ശ്രീ. ഇ.പി. ജയരാജൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതിന് ധനകാര്യവകുപ്പിന്റെ കീഴിലുള്ള എത്ര ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | : | നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ധനകാര്യവകുപ്പിലുള്ള ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല. |
| (ബി) | ഏതെങ്കിലും ജീവനക്കാരനെ ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | : | ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ ജീവനക്കാരെ ആരെയും സസ്പെൻഡ് ചെയ്തിട്ടില്ല. |
| (സി) | ഇങ്ങനെ പ്രതികരിക്കുന്നവർക്കെതിരെ അച്ചടക്ക നടപടി എടുത്തത് നിലവിലുള്ള ഏതു സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ; | : | Kerala Government Servants Conduct Rules, Kerala Civil Services (Classification, Control & Appeal) Rules എന്നിവ പ്രകാരം അച്ചടക്ക നടപടി എടുക്കാവുന്നതാണ്. |
| (ഡി) | നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിയ്ക്കാൻ വ്യവസ്ഥകൾ ഇല്ലെങ്കിൽ നിയമപരമായി നിലനിൽക്കാത്തതും നിയമസാധുത ഇല്ലാത്തതുമായ ഇത്തരം അച്ചടക്ക നടപടികൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകുമോ? | | നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിയ്ക്കാൻ വ്യവസ്ഥകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ